കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന വകുപ്പ് - ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, ചേർത്തല നിയോജക മണ്ഡലങ്ങളിലെ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**G.O.(Rt)483/2025/F&P** **Dated,05/07/2025**

എ.എസ് നമ്പർ : AS/FSH/25/43721 കാലാവധി : 04/07/2028

പരാമർശം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12/03/2025-ലെ എച്ച്.ഇ.സി.ഇ/01/2024-ഡി3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശിപാർശ പരിഗണിച്ച് ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, ചേർത്തല നിയോജക മണ്ഡലങ്ങളിലെ താഴെപ്പറയുന്ന തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ "4405-00-103-94-തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും 119.60 ലക്ഷം രൂപയുടെ (ഒരു കോടി പത്തൊൻപത് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 4405-00-103-94-00-00-0-N-V | 1,19,60,000 | AS/FSH/25/43721 | 2028-07-06 |

<u>പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ</u>

AS/FSH/25/43721

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തെറ്റിമൂട്ടിൽ പാലം റോഡും, 100 മീറ്റർ പീച്ചിങ്ങും, വാർഡ് 1, കുമാരപുരം ഗ്രാമപഞ്ചായത്ത് | 80,90,000 |
| 2 | ചേർത്തല നിയോജക മണ്ഡലത്തിലെ ഹൈവേ പാലം റോട്ടറി ക്ലബ് റോഡ്, വാർഡ് 17, ചേർത്തല മുനിസിപ്പാലിറ്റി | 38,70,000 |
| ആകെ (ഒരു കോടി പത്തൊൻപത് ലക്ഷത്തി അറുപതിനായിരം രൂപ) | | **1,19,60,000** |

എല്ലാ വാങ്ങലുകളും സ്റ്റോറുകൾ വാങ്ങൽ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വിധേയമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

ജോയിന്റ് സെക്രട്ടറി

Fisheries

To

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം.സി2/73/2024/മതുവ)

ഓർഡർ പ്രകാരം കൈമാറി,

സമീർ കുമാർ ഒ.ജെ

Digitally signed by Sameer Kumar. O. J
Date:08-07-2025 16:18:07

AS/FSH/25/43721